സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

2004, 2009 ശമ്പളപരിഷ്ക്കരണം - ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 9197/18/Est-I നന്തൻകോട്,30/8/2018

---

പരാമർശം :- 1) സ.ഉ (അച്ചടി) നം: 96/2018/ധന., തീയതി 22-06-2018.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 03-08-2018 ലെ DA 481/18/E-1 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

സർക്കാർ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും 2004, 2009 ശമ്പളപരിഷ്കരണത്തിന് യുക്തിപൂർവ്വമല്ലാത്തതോ, അസാധുവായതോ ആയ ഓപ്ഷൻ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് പ്രസ്തുത ശമ്പളപരിഷ്ക്കരണങ്ങളെ തുടർന്നുള്ള ആഡിറ്റ് പരിശോധനകളിൽ തെറ്റായ ശമ്പളനിർണ്ണയത്തിനെതിരെ തടസ്സവാദം ഉന്നയിക്കുക വഴി ശമ്പളത്തിൽ കുറവുണ്ടാകുകയും അധികം കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് 2004, 2009 ശമ്പളപരിഷ്ക്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവായി (പരാമർശം -1).

പ്രസ്തുത സർക്കാർ ഉത്തരവ്, അതിൽപറയുന്ന നിബന്ധനകൾക്ക് വിധേയമായി ഏതാനും ഭേദഗതികളോടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ബാധകമാക്കി ഉത്തരവുണ്ടാകുന്നതിലേക്ക് ദേവസ്വം അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ട് ചെയ്തു (പരാമർശം -2).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് 2004, 2009 ശമ്പളപരിഷ്ക്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പളനിർണ്ണയത്തിൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായ ജീവനക്കാർക്ക് ചുവടെ വിവരിക്കുന്ന നിബന്ധനകളോട് കൂടി റീ-ഓപ്ഷൻ അനുവദിച്ച് ബോർഡുത്തരവാകുന്നു.

1. 2004, 2009 ശമ്പളപരിഷ്ക്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമെ ഈ ഉത്തരവ്പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷൻ ആനുകൂല്യത്തിന് അർഹതയുള്ളൂ. ആയതിന് മുൻപുള്ള ശമ്പളപരിഷ്ക്കരണങ്ങൾക്കോ സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകൾക്കോ ഈ ഉത്തരവ് ബാധകമല്ല.
2. മേൽ ശമ്പളപരിഷ്ക്കരണങ്ങൾക്ക് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയപരിധി ബോർഡുത്തരവ് തീയതി മുതൽ 3 മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

Scanned by CamScanner

3. ഈ ഉത്തരവ്പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷന്, റീ-ഓപ്ഷൻ സമർപ്പിക്കുന്ന തീയതിവരെ ഒരു തരത്തിലുള്ള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല. ഇതിനുവിരുദ്ധമായി അധിക തുക അനുവദിക്കുന്നപക്ഷം പ്രസ്തുത തുകയുടെ പലിശ കേരള ഫിനാൻഷ്യൽ കോഡിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ ശമ്പളനിർണ്ണയ അധികാരികളിൽ നിന്നും ഈടാക്കുന്നതാണ്.

4. യഥാർത്ഥ ഓപ്ഷൻ തീയതി മുതൽ റീ-ഓപ്ഷൻ പ്രാബല്യ തീയതി വരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് റീ-ഓപ്ഷൻ അനുവദിക്കുന്നതുവഴി ലഭിക്കുന്ന കുടിശ്ശിക തുകയിൽ തട്ടിക്കിഴിക്കേണ്ടതും ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് മുഴുവനായി പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനു മുൻപായി തിരിച്ചടക്കേണ്ടതുമാണ്.

5. 01-07-2004 നും 30-06-2014 നുമിടയിൽ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഈ ഉത്തരവുപ്രകാരം റീ-ഓപ്ഷന് അർഹതയുണ്ടായിരിക്കും. എന്നാൽ ടെർമിനൽ ലീവ് സറണ്ടർ ശമ്പളത്തിന്റെ കുടിശ്ശിക അനുവദിക്കുന്നതല്ല.

6. 2004, 2009 ശമ്പളപരിഷ്ക്കരണ ഉത്തരവുകളിലെ അനുബന്ധം II പ്രകാരം പരിഷ്ക്കരിച്ച ശമ്പളസ്കെയിലിൽ ശമ്പളനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ഓപ്ഷൻ മാതൃക ഉൾപ്പെടെയുള്ള ചട്ടങ്ങൾക്കനുസൃതമായി റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

7. ഇപ്രകാരം റീ-ഓപ്ഷൻ നൽകുന്നതിനുള്ള അപേക്ഷ ക്ഷേത്ര ജീവനക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർമാരുടെ അംഗീകാരത്തോടെ അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അനുവദിക്കേണ്ടതും, ജൂനിയർ സൂപ്രണ്ട് തസ്തികവരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ അപേക്ഷ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അംഗീകാരത്തോടെ അതത് ആഫീസ് മേധാവികൾ അനുവദിക്കേണ്ടതും, അസിസ്റ്റന്റ് കമ്മീഷണർ, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലും അതിന് മുകളിലുമുള്ള ഉദ്യോഗസ്ഥരുടെ അപേക്ഷ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ദേവസ്വം കമ്മീഷണർ/ചീഫ് എഞ്ചിനീയർ (ജനറൽ) അനുവദിക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

Scanned by CamScanner